ശ്രീ

മലയാള മനോരമ
2009 ജനുവരി 25 ഞായർ
ഞായറാഴ്ചകളിൽ മനോരമയോടൊപ്പം

യൂറോപ്പിലേക്കൊരു
സമ്മാന...!

വാസ്കോഡ ഗാമ കാപ്പാട് എത്തിയ കപ്പൽച്ചാലുകളിലൂടെ ആദ്യമായി ഒരാനയുടെ യൂറോപ്പ് യാത്ര. ആനയ്ക്കൊപ്പം പത്തേമാരിയിൽ കയറിയ മലയാളികളായ രണ്ടു പാപ്പാൻമാർ. അവർക്കെന്തു സംഭവിച്ചു?പതിനാറാം നൂറ്റാണ്ടിലെ ഒരപൂർവ യാത്രയുടെ ആനത്താരയിലൂടെ...

എലിഫന്റ് പാസ്

ബി. അനീഷ് കുമാർ

ഇറ്റലിയിൽ ബ്രിക്സണിലെ എലിഫന്റ് ഹോട്ടലിൽ അതിനു മുമ്പും സന്ദർശകരേറെ എത്തിയിട്ടുണ്ട്. ഹോട്ടലിനു മുന്നിലെ ഭിത്തിയിൽ ആരോ വരച്ചിട്ട കരിവീരന്റെ രൂപവും അതിനുതാഴെ എഡി 1552 എന്നെഴുതിയതും വർഷങ്ങളായി അവിടെയുണ്ട്. ആനയെന്നും ആന ബാറെന്നു മറ്റും പറഞ്ഞും അവർ പലവഴി പിരിഞ്ഞു പോയി.

കാൾ സോറർ എന്ന സ്വിറ്റ്സർലൻഡുകാരൻ ചലച്ചിത്ര സംവിധായകൻ ഈ ഹോട്ടലിലെത്തിയത് ആനപ്പടത്തെക്കുറിച്ചു കേട്ടറിഞ്ഞല്ല. പക്ഷേ, ആനയെപ്പറ്റി കേട്ടുകേൾവി മാത്രമുള്ള നാട്ടിൽ കണ്ട ആനച്ചിത്രം അദ്ദേഹത്തിന്റെ മനസിൽ തോട്ടിയിട്ടു പിടിച്ചു. അതു പിന്നീടു ചരിത്രമാവുകയായിരുന്നു. ചുമർച്ചിത്രത്തിലെ ഗജഗംഭീരന്റെ കുടുംബവേരുകൾ തേടിയുള്ള യാത്രയായിരുന്നു പിന്നീടു കാൾ സോററുടേത്. അത് അവസാനിച്ചതാകട്ടെ കടലുകൾക്കുമിപ്പുറം മലബാറിന്റെ തീരങ്ങളിൽ! ആനയുടെ കുടിയേറ്റത്തിന്റെ കഥപറയുന്ന രാജാസ് ജേണി എന്ന ഡോക്യുമെന്ററി പിറക്കുന്നത് അങ്ങനെയാണ്.

കഥ തുടങ്ങുന്നു...

പേരില്ലാത്ത ചിത്രത്തിലെ കൊമ്പന് സോറർ പേരിട്ടു–രാജ. ഒരു നീണ്ട അമ്മൂമ്മക്കഥയുടെ അവിശ്വസനീയതയുണ്ട് രാജയുടെ ചരിത്രത്തിന്. അഞ്ചു നൂറ്റാണ്ടിനും മുൻപ് ഇന്ത്യയിൽ കാണപ്പെട്ട ആന അനേകായിരം കിലോമീറ്ററുകൾ താണ്ടി കടലും മലയും കടന്ന് എങ്ങനെ ഇറ്റലിയിൽ എത്തി? 1551ൽ ഇന്ത്യയുടെ തെക്കുഭാഗത്തുള്ള ഏതോ നാട്ടിൽനിന്നു വിയന്നയിലെ രാജാവിനുവേണ്ടി എത്തിച്ചതാണ് ആനയെ. കപ്പൽമാർഗമെത്തിയ ആന 18 മാസത്തോളം ജീവിച്ചു. ആനയുടെ പിൻകാൽ വിയന്നയിലുള്ള മ്യൂസിയത്തിൽ പീഠമാക്കി സൂക്ഷിച്ചിട്ടുണ്ട്. ചരിത്രഗവേഷകർക്കും രേഖകൾ സൂക്ഷിച്ചിരുന്ന മ്യൂസിയങ്ങളിലെ രേഖകൾക്കും പറയാനുണ്ടായിരുന്നത് ഇത്രമാത്രം. ആനത്താരയിലെ സത്യം തേടി സോറർ കേരളത്തിലേക്കു യാത്ര തിരിക്കുന്നത് അങ്ങനെയാണ്.

ചരിത്രത്തിലേക്കുള്ള കാൽപ്പാടുകൾ...

16–ാം നൂറ്റാണ്ടിന്റെ മധ്യം. കൊച്ചിയും പോർച്ചുഗീസുകാരുമായുള്ള വ്യാപാരബന്ധത്തിന്റെ പുഷ്കല കാലം. 1550ന്റെ അവസാനം പോർച്ചുഗീസ് ചക്രവർത്തി ജോൺ ബി മൂന്നാമനു തന്റെ അമ്മയുടെ നാടായ വിയന്നയിലെ രാജാവ് മാക്സ്മിലിയന് അപൂർവമായ ഒരു സമ്മാനം നൽകണമെന്ന് ആഗ്രഹം തോന്നി. ചിന്തകൾ കാടുകയറിയപ്പോൾ അദ്ദേഹം അത്ഭുതപ്പെടുത്തുന്നതും മനോഹരവും ജീവസുറ്റതുമായ ആ സമ്മാനം ഏതെന്നും തീരുമാനിച്ചു. ഒരു ആനയെ സമ്മാനിക്കുക!

ഗോവയിൽനിന്നു മൂന്നുമാസത്തി



ലേറെ എടുക്കും കടൽ മാർഗം പോർച്ചുഗലിലെത്താൻ. അവിടെനിന്നു കരമാർഗം (നടക്കുകയല്ലാതെ മറ്റു മാർഗങ്ങൾ ആയിട്ടില്ല) വിയന്നയിലെത്താൻ പിന്നെയും വേണം ആറുമാസം. ആരോഗ്യമുള്ള മനുഷ്യനുതന്നെ ഇത്തരമൊരു യാത്ര കടൽ കടക്കുന്നതിനെക്കാൾ പ്രയാസമേറിയ കാലത്താണ് ഒരു ആനയെ അവിടെയെത്തിക്കുകയെന്ന അപൂർവത അദ്ദേഹം ആലോചിച്ചത്.

കടൽവഴിയുള്ള യാത്രപോലും പൂർത്തിയാക്കാൻ ആനയ്ക്കു കഴിയില്ലെന്നു പലരും പറഞ്ഞു. പക്ഷേ, സാഹസികത രക്തത്തിൽ അലിഞ്ഞുചേർന്ന പറങ്കികളെ യാത്രയിൽനിന്നു തടയാനായില്ല.

കൊച്ചി രാജാവുമായി ബന്ധപ്പെട്ട് ആരോഗ്യമുള്ള കുട്ടിക്കൊമ്പനെ കണ്ടെത്തി. അക്കാലത്തു മൃഗക്കച്ചവടം നടത്തിയിരുന്ന കോഴിക്കോട് സ്വദേശികളാണ് ആനയെ നൽകിയതെന്നു പറയപ്പെടുന്നു.

1550 ജൂലൈ അവസാനം ആന മലബാറിൽനിന്നു പത്തേമാരിയിൽ കയറിയതിനു തെളിവുകളുണ്ട്. ഒരു മാസത്തേക്കു തീറ്റയ്ക്കുള്ള പനയോല, തേങ്ങ, ശർക്കര, വാഴക്കുല, വെള്ളം എന്നിവയും നിറച്ചു. ആനയെ നോക്കാനായി പരിചയസമ്പന്നരായ രണ്ടു പാപ്പാന്മാരുമുണ്ടായിരുന്നു. ആദ്യം ഇന്ത്യയിൽ അന്നത്തെ പോർച്ചുഗീസ് ആസ്ഥാനമായ ഗോവയിലേക്ക്. അവിടെനിന്ന് ആഫ്രിക്കയിലെ ഗുഡ്ഹോപ് മുനമ്പു കടന്ന് പോർച്ചുഗീസ് തലസ്ഥാനമായ ലിസ്ബണിലേക്ക്. വാസ്കോഡ ഗാമ കാപ്പാട് എത്തിയ കപ്പൽച്ചാലുകളിലൂടെ ആദ്യമായി ഒരാനയുടെ യൂറോപ്പ് യാത്ര.

പറങ്കികളുടെ നാട്ടിൽ...

മൂന്നുമാസങ്ങൾക്കു ശേഷം ഒക്ടോബറിലാണു പത്തേമാരി പോർച്ചുഗൽ തീരമടുക്കുന്നത്. ലിസ്ബനിൽ കപ്പലിറങ്ങിയ കൊമ്പനു ലഭിച്ചതു ജോൺ ബി മൂന്നാമൻ ചക്രവർത്തിയുടെ വമ്പൻ സ്വീകരണം. ആനയ്ക്ക് അവിടെവച്ചു സുലൈമാൻ എന്നു പേരിട്ടെന്നു പോർച്ചുഗലിലെ ചില ചരിത്രഗ്രന്ഥങ്ങളിൽ സൂചനയുണ്ട്. 1549ൽ പോർച്ചുഗൽ ആക്രമിക്കാനെത്തിയ തുർക്കി രാജാവ് സുലൈമാൻ ദ് ഗ്രേറ്റിനെ പറങ്കികൾ തോൽപിച്ചതിന്റെ ഓർമയ്ക്കായാണ് ആനയ്ക്കു പേരിട്ടത്.

വിചിത്രജീവിയെ കാണാൻ നാടുമുഴുവൻ ഓടിയെത്തി. ജനങ്ങൾക്കു കാണാനായി ആനയെ കൊട്ടാരത്തിനോടു ചേർന്നുള്ള സ്ഥലത്തു കുറച്ചുദിവസം താമസിപ്പിച്ചു. പിന്നീടു കരമാർഗമുള്ള യാത്ര തുടങ്ങുകയായി.

ജർമനിയിലെ ജെനോവ, ട്രെന്റോ വഴി ഇറ്റലിയിലെത്തി. മഞ്ഞുമൂടിയ ആൽപ്സ് പർവതം മറികടക്കേണ്ടിയിരുന്നു ഓസ്ട്രിയയിൽ എത്താൻ. ഇതായിരുന്നു യാത്രയിലെ ദുർഘടഘട്ടമെന്നു ചരിത്രകാരന്മാർ പറയുന്നുണ്ട്. ഒരുപക്ഷേ യൂറോപ്പിലെത്തിയ ആ വിരുന്നുകാരന്റെ ജീവിതത്തിന്റെ ഗതി മാറ്റിമറിച്ചതും ഈ യാത്രയായിരുന്നത്രേ.

വ്യാപാരികൾ മാത്രം സഞ്ചരിക്കുന്ന ഇടുങ്ങിയ ചുരങ്ങൾ ആനയ്ക്കു യാത്രചെയ്യുന്നതിനായി വീതി കൂട്ടി. വഴിയരികിൽ ഇടത്താവളങ്ങളായി കൂടാരങ്ങൾ നിർമിച്ചു. മഞ്ഞുമൂടിയ മലനിരകളിലൂടെ യാത്ര തുടർന്നു. ഇൻസ്ബെർഗ്, ഹാൾ, പസാവോ, ലിൻഡ് എന്നീ സ്ഥലങ്ങൾ കടന്ന് 1551 മേയിൽ സംഘം വിയന്നയിലെത്തി.

വൻ സ്വീകരണമായിരുന്നു അവിടെയും. ആരും അവനെ അവിടെ സുലൈമാൻ എന്നു വിളിച്ചതായി അറിവില്ല. പേരറിയില്ലെങ്കിലും നൂറുകണക്കിന് ആളുകളുടെ കണ്ണിലുണ്ണിയായ അവനു സന്ദർശകർ ഒഴിഞ്ഞ നേരമില്ലായിരുന്നു.

വിയന്നയിലെ മരണം...

പക്ഷേ സന്തോഷത്തിന്റെ നാളുകൾ എണ്ണപ്പെട്ടതായിരുന്നു; ഒന്നര വർഷം. അത്രയേ ആ ജീവിതം മുന്നോട്ടുപോയുള്ളൂ. കൊട്ടാരവളപ്പിൽ ജീവിച്ച സുലൈമാൻ എന്ന രാജ ചെരിഞ്ഞു. എന്തായിരിക്കാം അവന്റെ മരണകാരണം എന്നതിനു വ്യക്തമായ തെളിവില്ല. എങ്കിലും ആൽപ്സ് പർവതനിരകളിലെ കടുത്ത തണുപ്പിനെ അതിജീവിക്കാനായി ആനയ്ക്കു മാംസഭക്ഷണം നൽകിയെന്നു കരുതപ്പെടുന്നു. ഇത് അമിതമായതു രോഗഹേതുവായി എന്നാണ് ഒരു നിഗമനം. ദീർഘയാത്രയുടെ ക്ഷീണവും തണുപ്പിനെ അതിജീവിക്കാൻ കഴിയാതിരുന്നതും മരണകാരണമായി എന്നു കരുതുന്നവരുമുണ്ടായിരുന്നു.

ആന ചെരിഞ്ഞെങ്കിലും വിയന്നക്കാരുടെ മനസിൽ കൊമ്പന്റെ ഓർമകൾ തലയാട്ടി നിന്നു. ജഡം സുഗന്ധലേപനങ്ങൾ പൂശി കുറെക്കാലം സൂക്ഷിച്ചുവച്ചു. പിന്നീടു തോലും കൊമ്പും നഖങ്ങളും പല്ലും ഉപയോഗിച്ചു ചെരുപ്പുകളും ഇരിപ്പിടങ്ങളുമുണ്ടാക്കി അവർ ആനയെ ജീവിതത്തിന്റെ ഭാഗമാക്കി. പിൻകാലുകൊണ്ടുണ്ടാക്കിയ പീഠം വിയന്നയിലെ മ്യൂസിയത്തിൽ ഇപ്പോഴുമുണ്ട്. ചരിത്രമായ ആനയുടെ അവശേഷിക്കുന്ന ഏക തെളിവ്.

മടക്കയാത്ര, ചരിത്രത്തിലേക്ക്...

പറഞ്ഞുകേട്ട ചരിത്രത്തിലൂടെയും കഥകളിലൂടെയും വീണ്ടുമൊരു യാത്ര നടത്താനായിരുന്നു കാൾ സോററിന്റെ തീരുമാനം. വിയന്നയിലെയും പോർച്ചുഗലിലെയും ജർമനിയിലെയും ചരിത്രരേഖകൾ ഇതിനായി പരിശോധിച്ചു. പഠനം തുടരുന്നതിനിടെ സ്വിറ്റ്സർലൻഡിൽ വച്ച് ഗാന്ധി പീസ് ഫൗണ്ടേഷൻ വൈസ് പ്രസിഡന്റ് പി.വി. രാജഗോപാലിനെ പരിചയപ്പെട്ടതു കഥയിലെ വഴിത്തിരിവായി. പതിനാറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ നിന്നുള്ള മൃഗവ്യാപാരത്തെ (ആനിമൽ ട്രേഡ്)ക്കുറിച്ച് പുസ്തകമെഴുതിയ തലശേരി സ്വദേശി പ്രഫ. കെ.എസ്. മാത്യുവിനെ പരിചയപ്പെടുന്നതു രാജഗോപാൽ വഴിയാണ്. 16–ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിൽ മൃഗക്കടത്ത് സജീവമായിരുന്നു. പത്തേമാരികളിൽ മൃഗങ്ങളെ യൂറോപ്പിലേക്കു കടൽ കടത്തിയതായി ചരിത്രഗ്രന്ഥങ്ങളിൽ പറയുന്നുണ്ടെങ്കിലും രാജയുടെ യാത്രയെക്കുറിച്ചു പ്രത്യേക പരാമർശങ്ങളുണ്ടായിരുന്നില്ല.

അഭ്രപാളികളിലേക്ക്...

രാജഗോപാലും സോററും കെ.എസ്. മാത്യുവും തമ്മിലുള്ള കൂടിക്കാഴ്ചയിലാണ് ആനത്താരയുടെ ചരിത്രം പുനഃസൃഷ്ടിക്കാൻ തീരുമാനമാകുന്നത്. ആന യാത്രചെയ്ത വഴികളിലൂടെ വീണ്ടുമൊരു യാത്ര. നൂറ്റാണ്ടുകൾ മുമ്പുനടന്ന യാത്രയ്ക്കിടെ ആന വിശ്രമിച്ച ഇടങ്ങളിലെല്ലാം ആനക്കഥകൾ തലമുറ കൈമാറി കിട്ടിയിട്ടുണ്ട്. ആനച്ചിത്രമുള്ള ബ്രിക്സണിലെ എലിഫന്റ് ഹോട്ടൽ ഇരിക്കുന്ന സ്ഥലത്ത്


കാൾ സോറർ


കാൾ സോറർ



യാത്രയ്ക്കിടെ ആന വിശ്രമിച്ചിരുന്നതായാണ് ചരിത്രം.

കേരളത്തിലെത്തി കൊച്ചി, കാപ്പാട്, മുത്തങ്ങ എന്നിവിടങ്ങളിലെല്ലാം യാത്ര ചെയ്തു. രാജയുടെ കുടുംബചരിത്രംവച്ച് മുഴുനീള ചലച്ചിത്രം നിർമിക്കാനായിരുന്നു പദ്ധതി. പിന്നീട് 78 മിനിറ്റ് നീളുന്ന ഡോക്യുമെന്ററിയാക്കി. സോററും എലീന എം. ഫിസ്ചിലിയെന്ന സ്വിസ് തിരക്കഥാകൃത്തും ചേർന്നു തിരക്കഥ തയാറാക്കി. പിന്നീട് ഒരു വർഷം നീണ്ട ഷൂട്ടിങ്. 20 ദിവസം കേരളത്തിൽ. ബാക്കി ഇറ്റലി, സ്വിറ്റ്സർലൻഡ്, ജർമനി, ഓസ്ട്രിയ എന്നിവിടങ്ങളിൽ. അങ്ങനെ രാജാസ് ജേണി എന്ന ഡോക്യുമെന്ററി പിറവിയെടുത്തു.

കേരളത്തിൽനിന്നുള്ള ഒരു ചരിത്രകാരൻ ആനയുടെ കാലടി പിന്തുടർന്നു വിയന്നയിലെത്തുന്നതാണ് ഇതിവൃത്തം. പി.വി. രാജഗോപാലാണ് ചരിത്രാന്വേഷകന്റെ വേഷത്തിൽ അഭിനയിച്ചത്. ഇംഗ്ലീഷ്, ജർമൻ, മലയാളം ഭാഷകളിലാണ് ഡോക്യുമെന്ററി ചിത്രീകരിച്ചത്. 2006ൽ പൂർത്തിയാക്കിയ ഡോക്യുമെന്ററി 2007ൽ സ്വിറ്റ്സർലൻഡിലെ ദേശീയ ചലച്ചിത്രോൽസവത്തിൽ ആദ്യമായി പ്രദർശിപ്പിച്ചു. ഇതിനു പുറമേ ഓസ്ട്രിയ, ജർമനി, ഇറ്റലി, ഇന്ത്യ എന്നിവിടങ്ങളിലും കേരളത്തിൽ കൊല്ലം, കൊച്ചി, കണ്ണൂർ എന്നിവിടങ്ങളിലും ചിത്രം പ്രദർശിപ്പിച്ചിട്ടുണ്ട്.

കുടിയേറ്റക്കാരുടെ നൊമ്പരമാണ് രാജാസ് ജേണിയിലൂടെ പറയാൻ ശ്രമിച്ചത്. സോറർ പറയുന്നു. കുടിയേറ്റം ഒരു സംസ്കാരത്തിന്റെ വേരറുക്കലാണ്. മനുഷ്യനാണെങ്കിലും മൃഗമാണെങ്കിലും വികാരം ഒന്നുതന്നെ. അക്കാലത്തു കടൽ കടന്ന നൂറുകണക്കിന് അടിമകളുടെയും വെറും കൗതുകത്തിന്റെ പേരിൽ കടൽകടത്തിയ മൃഗങ്ങളുടെയും പ്രതീകമാണു രാജ സോറർ പറഞ്ഞു നിർത്തുന്നു.

കഥകളിലില്ലാത്തത്...

രാജയെ നാടുമുഴുവൻ രാജാവായി വാഴ്ത്തുമ്പോൾ ആരും അറിയാതെ പോയ ഒരു കഥയുണ്ട്. ആനയ്ക്കൊപ്പം പത്തേമാരിയിൽ കയറിയ മലയാളികളായ രണ്ടു പാപ്പാന്മാർ. അവർക്കെന്തു സംഭവിച്ചു? ആർക്കുമറിയില്ല. ഇവർ ആനയ്ക്കൊപ്പം പോർച്ചുഗലിൽ എത്തിയതായും പിന്നീടു വിയന്നയിലേക്കു യാത്ര തിരിച്ചതായും സൂചനകളുണ്ട്. ലിസ്ബനിലെ ജോൺ ബി മൂന്നാമൻ വിയന്നയിലെ മാക്സ്മിലിയന് ആനയെയും പരിചാരകരെയും യഥാവിധി സ്വീകരിക്കണമെന്നു കാണിച്ച് എഴുതിയ കത്ത് വിയന്നയിലെ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആനയെക്കാൾ പ്രശസ്തി അതിനെ മെരുക്കിയ ഇത്തിരിപ്പോന്ന പാപ്പാന്മാർക്കായിരുന്നെന്നും ധീരയോദ്ധാക്കളെക്കാൾ മുന്തിയ സ്വീകരണമാണ് അവർക്കു ലഭിച്ചതെന്നും വിവരമുണ്ട്. പിന്നീട് അവർക്കെന്തു സംഭവിച്ചു? ആർക്കുമറിയില്ല. ആനക്കഥകൾ അവസാനിക്കുന്നുമില്ല.

കഴുത്തിനഴക്

വനിത

മുഖം തേച്ചുമിനുക്കി അണിയിച്ചൊരുക്കി കൊണ്ടുനടക്കുന്നവർ പലപ്പോഴും മറന്നുപോകുന്നതു പാവം കഴുത്തിനെയാണ്. സ്ഥാനം മുഖത്തിനു തൊട്ടുതാഴെയായതിനാൽ ഈ അവഗണനയുടെ ഫലം വളരെ പ്രകടമാവുകയും സംഗതി പരിഹാസ്യമാവുകയും ചെയ്യും. മുഖം റോസ് നിറത്തിൽ, തൊട്ടുതാഴെ കഴുത്ത് കറുകറാന്ന്. അതോടെ മേക്കപ്പിന്റെ പുറംപൂച്ച് ഔട്ട്!

മുഖത്ത് മേക്കപ്പിനു മുന്നോടിയായി ഫൗണ്ടേഷൻ ഇടുമ്പോൾ കഴുത്തിലും ഇട്ടാൽ നിറവ്യത്യാസം വരാതിരിക്കും. പക്ഷേ അതുകൊണ്ടു മാത്രമായില്ല. മുഖത്തിനു നൽകുന്നതുപോലെ തന്നെ സൗന്ദര്യ പരിചരണം കഴുത്തും അർഹിക്കുന്നു. ശംഖു പോലുള്ള കഴുത്ത് എന്നൊക്കെ കേട്ടിട്ടില്ലേ. (അത്രയുമായില്ലെങ്കിലും...!)

കഴുത്തിന്റെ പ്രധാന പ്രശ്നം ചർമം കരുവാളിക്കുന്നതാണ്. സൂര്യതാപം, ചില മരുന്നുകൾ, ഹോർമോൺ വ്യതിയാനം, അമിതവണ്ണം, ആഭരണത്തിലെ ലോഹത്തിനോടുള്ള അലർജി– ഇതെല്ലാം ഈ കറുപ്പിനു കാരണമാകാറുണ്ട്. ത്വക്‌രോഗ വിദഗ്ധന്റെ സേവനം തേടേണ്ട വിധം രൂക്ഷമാകാറുണ്ട് ചിലപ്പോൾ ഈ പ്രശ്നം. അത്ര ഗുരുതരമല്ലെങ്കിൽ ചെറിയ ചില സൂത്രവിദ്യകൾ പരീക്ഷിച്ചു നോക്കാം, കഴുത്തിനെ ഒന്നു വെളുപ്പിച്ചെടുക്കണ്ടേ!

- ചെറുനാരങ്ങയുടെ തോട് കൊണ്ട് പതിവായി മസാജ് ചെയ്യുക.
- തണ്ണിമത്തങ്ങയുടെ നീര് പുരട്ടി അരമണിക്കൂർ കഴിഞ്ഞ് കഴുകിക്കളയുക. ഇതു കുറച്ചുനാൾ പതിവായി ചെയ്യണം.
- കാരറ്റ് നീര്, വെള്ളരിക്കാ നീര് എന്നിവ പുരട്ടുന്നതും ഗുണകരമാണ്.
- കഴുത്തിനായി ഒരു പായ്ക്ക്: ചെറുനാരങ്ങാനീര്, വെള്ളരിക്കാ നീര്, പാൽപ്പാട, പഞ്ചസാര, പാൽ എന്നിവയുടെ മിശ്രിതം കഴുത്തിൽ പുരട്ടുക.

കഴുത്തിലെ ചർമം വരണ്ട് ചുളിവുകൾ വീണാലും അഭംഗിയാണ്. ദിവസവും ബേബി ലോഷൻ ഉപയോഗിച്ചു കഴുത്തിൽ മസാജ് ചെയ്യുന്നതു ചർമം മൃദുവാകാൻ സഹായിക്കും. താഴെ നിന്ന് മുകളിലേക്കും വൃത്താകൃതിയിലുമാണു മസാജ് ചെയ്യേണ്ടത്. എന്നും ഉറങ്ങാൻ പോകുംമുമ്പ് നറിഷിങ് ക്രീം ഉപയോഗിച്ചു കഴുത്തിൽ മസാജ് ചെയ്യുന്നതു ചുളിവുകൾ വീഴാതെ സഹായിക്കും. കഴുത്തിൽ മോയ്സ്ചറൈസർ പുരട്ടുന്നതും നല്ലതാണ്.

സൂര്യതാപം മൂലം കരുവാളിക്കാതിരിക്കാൻ സൺസ്ക്രീൻ ലോഷൻ മുഖത്തു പുരട്ടുമ്പോൾ കഴുത്തിലും പിൻകഴുത്തിലും മുതുകിലും കൂടി പുരട്ടണം. കഴുത്തിന്റെ കീഴ്ഭാഗത്തെയും പിൻഭാഗത്തെയും ചർമത്തിൽ അഴുക്ക് അടിയാൻ സാധ്യത കൂടുതലാണ്. ഇതും വിയർപ്പും കൂടിച്ചേർന്നാണു വല്ലാത്ത കറുത്ത നിറം ഉണ്ടാക്കുന്നത്. മുഖം കഴുകുമ്പോൾ കഴുത്തും പല തവണ ശുദ്ധജലത്തിൽ കഴുകി അഴുക്ക് നീക്കണം. കുളിക്കുമ്പോൾ തൈരിൽ ഉലുവ ചേർത്തരച്ചു പുരട്ടി കഴുകുന്നത് അഴുക്ക് നന്നായി നീക്കം ചെയ്യും.

വണ്ണം കൂടിയ കഴുത്ത് അഭംഗിയാണ്. ഇവർക്കു പതിവായി കഴുത്തിനു വ്യായാമം ആവശ്യമുണ്ട്.

- നിവർന്നിരുന്ന ശേഷം കഴുത്ത് മാത്രം കുനിച്ച് പാദത്തിലേക്കു നോക്കിയ ശേഷം മെല്ലെ ഉയർത്തി മുകളിൽ മച്ചിലേക്കു വരെ നോക്കുക. ഇങ്ങനെ പത്തുപ്രാവശ്യം ചെയ്യാം. അടുത്തതായി, കഴുത്ത് സാവധാനം വശങ്ങളിലേക്കു തിരിച്ച് ആദ്യം ഇടത്തേ തോളിൽ താടി മുട്ടിക്കുക. താടി കഴുത്തിലേക്കു പരമാവധി അമർത്തിവച്ചു കൊണ്ട് തുടർന്ന് വലത്തേ തോളിലേക്ക് കഴുത്ത് തിരിക്കുക. കഴുത്ത് നിവർത്തി മുകളിലേക്കു നോക്കിക്കൊണ്ടും ഇങ്ങനെ അർധവൃത്താകൃതിയിൽ തോളോടു തോൾ തിരിക്കാം. ഈ വ്യായാമങ്ങളും പത്തു പ്രാവശ്യം വീതം ചെയ്യുക. പതിവായി ചെയ്താൽ കഴുത്തിന്റെ വണ്ണം കുറയും.

നഷ്ടക്കണക്കിലെ കന്യാകുമാരി

ബി. ജയചന്ദ്രൻ

പി. വിശ്വംഭരൻ

ആർ.ശശിശേഖർ

തിരു–കൊച്ചി മുഖ്യമന്ത്രിയായിരുന്ന പട്ടം താണുപിള്ള പത്രക്കാരുമായുള്ള ഒരു സംഭാഷണത്തിലാണ്:

ചോ: അങ്ങയുടെ മന്ത്രിസഭ കുറെക്കാലംകൂടി ഭരണത്തിൽ തുടർന്നാൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥിതി എന്തായിരിക്കും.

ഉ: അവർക്ക് ഇവിടത്തെ ഓഫിസ് പൂട്ടേണ്ടിവരും.

ചോ: അപ്പോൾ കോൺഗ്രസിന്റെ സ്ഥിതിയോ?

ഉ: അവർക്കും ഇതുതന്നെയായിരിക്കും ഗതി.

ഈ ഒരു വാചകത്തിലാണ് 1954ലെ സോഷ്യലിസ്റ്റ് മന്ത്രിസഭ നിലം പതിച്ചതെന്ന് അന്നു പത്രക്കാരുടെ സംഘത്തിലുണ്ടായിരുന്ന പി. വിശ്വംഭരൻ ഓർക്കുന്നു. ഇന്ത്യയുടെ രാഷ്ട്രീയ പരീക്ഷണശാലയായ കേരളത്തിൽ ഉദയാസ്തമയം തേടിയ ഒട്ടേറെ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലൊന്നാണ് സാമ്യവാദം എന്നറിയപ്പെട്ട സോഷ്യലിസ്റ്റ് ധാര.

പിൽക്കാലത്ത് അതിനു ചുക്കാൻ പിടിച്ചത് പി.വിശ്വംഭരൻ, അരങ്ങിൽ ശ്രീധരൻ, കെ. ചന്ദ്രശേഖരൻ എന്നിവരാണ്. സാമ്യവാദത്തിന്റെ ത്രിമൂർത്തികളിൽ അരങ്ങിലും ചന്ദ്രശേഖരനും ഇപ്പോൾ നമ്മോടൊപ്പമില്ല. അവശേഷിക്കുന്നത് പി. വിശ്വംഭരൻ മാത്രം. ഭൂപരിഷ്കരണ ബില്ലും കന്യാകുമാരി വിഭജന പ്രക്ഷോഭവും

കേരളം പരീക്ഷണശാലയാക്കിയ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലൊന്നാണ് സാമ്യവാദം എന്നറിയപ്പെട്ട സോഷ്യലിസ്റ്റ് ധാര. പിൽക്കാലത്ത് അതിനു ചുക്കാൻ പിടിച്ചത് പി.വിശ്വംഭരൻ, അരങ്ങിൽ ശ്രീധരൻ, കെ. ചന്ദ്രശേഖരൻ എന്നിവർ. സാമ്യവാദത്തിന്റെ ത്രിമൂർത്തികളിൽ അവശേഷിക്കുന്നതു പി.വിശ്വംഭരൻ മാത്രം. ഭൂപരിഷ്കരണ ബില്ലും കന്യാകുമാരി വിഭജന പ്രക്ഷോഭവും ഉൾപ്പെടെ സംഭവബഹുലമായ ഒരു കാലഘട്ടത്തിലേക്കു പി. വിശ്വംഭരന്റെ തിരിഞ്ഞുനോട്ടം.



ഉൾപ്പെടെ സംഭവബഹുലമായ ഒരു കാലഘട്ടത്തിന്റെ സ്മരണകളിലേക്ക് ഒരു പുനർയാത്ര നടത്തുകയാണ് അദ്ദേഹം. കേരളത്തിലെ ഭൂപരിഷ്കരണ നിയമത്തിന്റെ പിതൃത്വം അവകാശപ്പെടുന്ന കമ്യൂണിസ്റ്റ് പാർട്ടികൾ രണ്ടാം ഭൂപരിഷ്കരണത്തെക്കുറിച്ചു വിവാദം സൃഷ്ടിക്കുന്നതിനിടെയാണ് പി.വിശ്വംഭരൻ മനസ്സുതുറക്കുന്നത്.

1954ലെ പിഎസ്പി മന്ത്രിസഭ

തിരുവിതാംകൂർ – കൊച്ചി നാട്ടുരാജ്യങ്ങൾ ചേർന്ന് രൂപംകൊണ്ട തിരു–കൊച്ചി സംസ്ഥാനത്തെ നാലാമത്തെ മന്ത്രിസഭയ്ക്കു നേതൃത്വം നൽകിയത് പട്ടം താണുപിള്ളയായിരുന്നു. 1954ൽ നടന്ന തിരഞ്ഞെടുപ്പിൽ ആർക്കും ഭൂരിപക്ഷമുണ്ടായിരുന്നില്ല. 117 അംഗ നിയമസഭയിൽ പ്രജാ സോഷ്യലിസ്റ്റ് പാർട്ടി (പിഎസ്പി) ക്ക് വെറും 19 അംഗങ്ങൾ മാത്രമാണുണ്ടായിരുന്നത്. കോൺഗ്രസിന് 40 അംഗങ്ങളും. മന്ത്രിസഭ രൂപീകരിക്കുന്നതിന് പട്ടത്തെ പിന്തുണയ്ക്കാൻ കമ്യൂണിസ്റ്റുകൾ തയാറായിരുന്നെങ്കിലും കോൺഗ്രസിന്റെ സഹായം സ്വീകരിക്കാനാണ് അദ്ദേഹം തീരുമാനിച്ചത്. അങ്ങനെ ആദ്യത്തെ ന്യൂനപക്ഷ സർക്കാർ അധികാരത്തിൽ വന്നു.

ഭൂപരിഷ്കരണം

ഭൂപരിഷ്കരണ നിയമത്തിൻമേൽ കമ്യൂണിസ്റ്റ് പാർട്ടികൾ ഇന്ന് ഉന്നയിക്കുന്ന അവകാശവാദത്തിൽ കഴമ്പില്ല. പിഎസ്പി മന്ത്രിസഭയാണ് അതിനുള്ള നടപടി തുടങ്ങിയത്. ഇന്ത്യയിൽ ആദ്യമായി ഭൂപരിഷ്കരണത്തിനു നീക്കം ആരംഭിച്ച സർക്കാരായിരുന്നു അത്. അതിനുവേണ്ടി ആറു ബില്ലുകളാണ് ആ മന്ത്രിസഭയിലെ അംഗമായിരുന്ന പി.എസ്. നടരാജപിള്ള അവതരിപ്പിച്ചത്.

കേരളത്തിലെ സവിശേഷ സാഹചര്യത്തിൽ അത്തരമൊരു നിയമം തയാറാക്കൽ എളുപ്പമായിരുന്നില്ല. അനുകരിക്കാവുന്ന മാതൃകാ നിയമം ഇന്ത്യയിലെങ്ങുമുണ്ടായിരുന്നില്ല. മെട്രിക്കുലേഷൻ മാത്രം പാസായ പി.എസ്. നടരാജപിള്ള ഭരണഘടനാനുസൃതമായ ആറു ബില്ലുകൾ തയാറാക്കി നിയമസഭയിൽ വച്ചു. പിൽക്കാലത്ത് കമ്യൂണിസ്റ്റ് പാർട്ടി ഒരു ബില്ല് തയാറാക്കിയെങ്കിലും അതിനു സമഗ്രത ഇല്ലാത്തതുകൊണ്ട് നിയമതടസ്സങ്ങൾ നേരിടേണ്ടിവന്നു. ഭൂപരിഷ്കരണ ബില്ല് നിയമസഭ പാസാക്കുന്നതിനു മുൻപ് പിഎസ്പി മന്ത്രിസഭ വീണു. ബില്ല് നിയമമായിരുന്നെങ്കിൽ കന്യാകുമാരി ജില്ലയുടെ വിഭജനം ഒഴിവാക്കാമായിരുന്നു. കേരളത്തിന്റെ ഭക്ഷ്യസുരക്ഷാരംഗത്ത് വൻ തിരിച്ചടിയാണ് ഇതിലൂടെ ഉണ്ടായത്.

കന്യാകുമാരി വിഭജനവും പൊലിസ് വെടിവയ്പും

തിരുവനന്തപുരം ജില്ലയോടു ചേർന്ന വിളവംകോട്, കൽക്കുളം, തോവാള, അഗസ്തീശ്വരം താലൂക്കുകളിൽ തമിഴ് സംസാരിക്കുന്നവർക്കായിരുന്നു മുൻതൂക്കം. ഈ പ്രദേശങ്ങൾ തമിഴ്നാട്ടിൽ ലയിപ്പിക്കണമെന്നാവശ്യപ്പെട്ട് നടന്ന പ്രക്ഷോഭം പൊലീസ് വെടിവയ്പിലാണ് കലാശിച്ചത്. ദേവികുളം, പീരുമേട്, ചെങ്കോട്ട താലൂക്കുകളും തമിഴ്നാട്ടിൽ ലയിപ്പിക്കണമെന്ന് ആവശ്യമുയർന്നിരുന്നു. തിരുവിതാംകൂർ തമിഴ്നാട് കോൺഗ്രസാണ് സമരം നയിച്ചത്. തിരുവിതാംകൂർ ദിവാനായിരുന്ന സി.പി. രാമസ്വാമി അയ്യർ സ്റ്റേറ്റ് കോൺഗ്രസിനെതിരെ വജ്രായുധമായി വളർത്തിയെടുത്ത പ്രസ്ഥാനമായിരുന്നു അത്. അതിന്റെ മുൻനിരയിൽ നിന്ന നേശമണി ഉൾപ്പെടെയുള്ള നേതാക്കളെ വളർത്തിയെടുത്തതും സിപി തന്നെ.

തമിഴ് ജനതയുടെ അനിഷേധ്യ നേതാവായ കാമരാജ്പോലും പിന്തുണയ്ക്കാത്ത ആ പ്രസ്ഥാനത്തെ സഹായിച്ചത് കമ്യൂണിസ്റ്റ് പാർട്ടിയാണ്. 1954 ഓഗസ്റ്റ് 11 വിമോചന ദിനമായി ആചരിക്കാൻ തിരുവിതാംകൂർ തമിഴ്നാട് കോൺഗ്രസ് തീരുമാനിച്ചു. തമിഴ് ഭാഷാപ്രദേശങ്ങളെ കേരള സർക്കാരിൽനിന്നു മോചിപ്പിക്കുമെന്ന് അവർ പ്രഖ്യാപിച്ചു. ട്രാൻസ്പോർട്ട് തൊഴിലാളികളെ മുൻനിർത്തി കമ്യൂണിസ്റ്റുകാർ രൂപീകരിച്ച സംഘടനയും അന്നേദിവസം ഒരു സമരം പ്രഖ്യാപിച്ചു. സംഭവബഹുലമായ ദിവസമായിരുന്നു അത്. തമിഴ്നാടിനോടു ചേർന്നുകിടന്ന അഗസ്തീശ്വരം, തോവാള താലൂക്കുകളിൽ പൊലീസ് സമർഥമായ നടപടി സ്വീകരിച്ചതിനാൽ ആളുകൾ സംഘടിച്ച് അക്രമാസക്തമാകുന്നത് കർശനമായി തടയാൻ കഴിഞ്ഞു. കൽക്കുളം, വിളവംകോട് താലൂക്കുകളിൽ തുടക്കത്തിലേ ലാഘവബുദ്ധിയോടെയുള്ള സമീപനമാണ് പൊലീസിൽ നിന്നുണ്ടായത്. ഇവിടെ സംഘടിതരായ ജനവിഭാഗം പൊലീസിനെ തടഞ്ഞു. പിന്നീടുണ്ടായ വെടിവയ്പിൽ എട്ടുപേരാണു കൊല്ലപ്പെട്ടത്. പൊലീസിന്റെ പിടിപ്പുകേടാണ് അതിലേക്കു നയിച്ചത്. സംഭവം അന്വേഷിക്കാൻ പിഎസ്പി കേന്ദ്രസമിതിയിൽനിന്നെത്തിയ എച്ച്.എൻ. കമ്മത്തിനും അതു ബോധ്യമായി. അദ്ദേഹത്തോടൊപ്പം അന്നു ഞാനുമുണ്ടായിരുന്നു. വെടിവയ്പിന്റെ ധാർമിക ഉത്തരവാദിത്തം ഏറ്റെടുത്ത് പട്ടം താണുപിള്ളയുടെ മന്ത്രിസഭ രാജിവയ്ക്കണമെന്ന് പാർട്ടി ദേശീയ സെക്രട്ടറി റാം മനോഹർ ലോഹ്യ ആവശ്യപ്പെട്ടു. പട്ടം അതു തള്ളിക്കളഞ്ഞെന്നു മാത്രമല്ല സമരത്തെ നിഷ്ഠുരമായി അടിച്ചമർത്തുകയും ചെയ്തു. ബി ഫേം എന്ന നിർദേശമാണ് അദ്ദേഹം പൊലീസിനു നൽകിയത്. പ്രക്ഷോഭത്തെ ആളിക്കത്തിക്കാനേ ഇതു സഹായകമായുള്ളൂ.

വിഭജനത്തിലേക്കു നയിച്ചത്

സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങളാണ് വിഭജനവാദത്തിലേക്കു നയിച്ചത്. തിരുവനന്തപുരത്തോടു ചേർന്ന തമിഴ് സംസാരിക്കുന്ന പ്രദേശങ്ങളിൽ നാടാർ സമുദായത്തിനായിരുന്നു ഭൂരിപക്ഷം. എന്നാൽ, സാമ്പത്തികമായ മേൽക്കൈ നായർ സമുദായത്തിനും. ഭൂമിയുടെ മേൽ നായർ സമുദായക്കാർക്കായിരുന്നു അധികാരം. തൊഴിലാളികളായി കഴിയേണ്ടിവരുന്ന നാടാർ സമുദായത്തിനു കടുത്ത അസംപ്തൃതി വളർന്നു തുടങ്ങിയ കാലമായിരുന്നു അത്. തിരുവിതാംകൂർ തമിഴ്നാട് കോൺഗ്രസ് അതിനെ ആയുധമാക്കി. അന്നത്തെ തിരു–കൊച്ചി മുഖ്യമന്ത്രി പട്ടം താണുപിള്ളയുടെ മൂലകുടുംബം ഇന്നത്തെ കന്യാകുമാരി ജില്ലയിൽ ഉൾപ്പെടുന്ന കൊല്ലങ്കോടായിരുന്നു. തിരുവിതാംകൂർ തമിഴ്നാട് കോൺഗ്രസിന്റെ വാദങ്ങളൊന്നും ശരിവച്ചുകൊടുക്കാത്ത പട്ടത്തിന്റെ സമീപനത്തോടുള്ള വിരോധം പ്രക്ഷോഭത്തെ ആളിപ്പടർത്തി. ഭൂപരിഷ്കരണ നിയമം യാഥാർഥ്യമായിരുന്നെങ്കിൽ വിഭജനത്തിന്റെ മുനയൊടിയുമായിരുന്നെന്ന് ഞാനിപ്പോഴും വിശ്വസിക്കുന്നു.

വിഭജനത്തിന്റെ ബാക്കിപത്രം

അനാവശ്യമായ സമരമാണു കന്യാകുമാരി വിഭജനത്തിന്റെ പേരിൽ നടന്നത്. അതുകൊണ്ട് ആരും ഒന്നും നേടിയില്ല. സമരം നയിച്ച നേശമണിക്കുപോലും അർഹമായ അംഗീകാരം കിട്ടിയില്ല. ഒരു എംപി സ്ഥാനംകൊണ്ട് അദ്ദേഹത്തിനു തൃപ്തിപ്പെടേണ്ടിവന്നു. വിഭജനത്തിലൂടെ കേരളത്തിന് അതിന്റെ നെല്ലറ എന്നന്നേക്കുമായി നഷ്ടപ്പെട്ടു. അന്നത്തെ ഏറ്റവും വലിയ ജലസേചന പദ്ധതിയായ കോതയാറും തമിഴ്നാടിനു കിട്ടി. അവിടെയുള്ളവർ സംസാരിക്കുന്നത് ശുദ്ധമായ തമിഴല്ല. മലയാളത്തിനോടാണ് ഇപ്പോഴും അവരുടെ ഭാഷയ്ക്ക് സാമ്യം. അതിന്റെ പേരിൽ സ്വന്തം നാട്ടിൽ കടുത്ത അവഗണന നേരിടുകയാണവർ. ഞാൻ കൊല്ലം സ്പിന്നിങ് മില്ലിന്റെ ഡയറക്ടർ ബോർഡിലുണ്ടായിരുന്നപ്പോൾ ഒരു ഇന്റർവ്യൂ ബോർഡിലുണ്ടായിരുന്നു. അതിൽ പങ്കെടുക്കാനെത്തിയ ഭൂരിഭാഗം പേരും കന്യാകുമാരി ജില്ലക്കാരായിരുന്നു. സ്വന്തം നാട്ടിലെ അവഗണനയെക്കുറിച്ചാണവർക്കു പറയാനുണ്ടായിരുന്നത്. ഉദ്യോഗത്തിലോ ജോലിക്കയറ്റത്തിലോ പരിഗണനയില്ല. മലയാളിത്തന്മാരെന്നുപറഞ്ഞു കളിയാക്കപ്പെടുകയാണ്.

പിഎസ്പി മന്ത്രിസഭയുടെ പതനം

മന്ത്രിസഭയ്ക്കു പിന്തുണ നൽകിയ കോൺഗ്രസിന്റെ നേതാവായ പനമ്പിള്ളി ഗോവിന്ദമേനോന് രാഷ്ട്രീയത്തിന്റെ മർമം അറിയാമായിരുന്നു. സ്പീക്കർ സ്ഥാനം ഉൾപ്പെടെ ഒരു ഉത്തരവാദിത്തവും ഏറ്റെടുക്കാതിരിക്കാൻ കോൺഗ്രസ് പ്രത്യേകം ശ്രദ്ധിച്ചു. എന്നെങ്കിലും സർക്കാരിനെതിരെ നടപടിയെടുക്കേണ്ടിവന്നാൽ ഒരു വോട്ടുപോലും കുറയാതെ നോക്കണമെന്നതായിരുന്നു അതിനു പിന്നിൽ. പിഎസ്പി മന്ത്രിസഭ അധികാരത്തിൽ തുടർന്നാൽ കോൺഗ്രസ് – കമ്യൂണിസ്റ്റു പാർട്ടികൾക്ക് തിരു–കൊച്ചിയിലെ ഓഫിസ് അടച്ചുപൂട്ടേണ്ടിവരുമെന്ന പട്ടത്തിന്റെ പ്രസ്താവന പുറത്തുവന്നതോടെ മന്ത്രിസഭയ്ക്കുള്ള പിന്തുണ കോൺഗ്രസ് പിൻവലിച്ചു. 1955 ജനുവരിയിൽ ചേർന്ന നിയമസഭാ സമ്മേളനത്തിൽ മന്ത്രിസഭയ്ക്കെതിരായ അവിശ്വാസ പ്രമേയം പാസായി. അതോടെ പിഎസ്പി മന്ത്രിസഭ നിലംപതിച്ചു. കന്യാകുമാരി വിഭജനത്തിനുവേണ്ടിയുള്ള സമരത്തെ പല്ലും നഖവും ഉപയോഗിച്ച് എതിർത്തുകൊണ്ടിരുന്ന പിഎസ്പി മന്ത്രിസഭയ്ക്ക് ഭൂപരിഷ്കരണ നിയമത്തിലൂടെ അതിനെ നേരിടാൻ കഴിയുന്നതിനു മുൻപ് പിൻവാങ്ങേണ്ടിവന്നു.

പട്ടം എന്ന മുഖ്യമന്ത്രി

കേരളം കണ്ട സമർഥനായ ഭരണാധികാരിയായിരുന്നു പട്ടം താണുപിള്ള. കാര്യശേഷിയായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. എന്നാൽ, വേണ്ടത്ര ജനാധിപത്യപരമായിരുന്നില്ല അദ്ദേഹത്തിന്റെ പ്രവൃത്തികൾ. സഹപ്രവർത്തകരോടുപോലും സമഭാവനയോടെ പെരുമാറുകയോ കൂട്ടായ ആലോചനകൾ നടത്തുകയോ ചെയ്യാറുണ്ടായിരുന്നില്ല. പ്രത്യയശാസ്ത്രങ്ങളോടു പുച്ഛമായിരുന്നു. പ്രായോഗികതയിലായിരുന്നു താൽപര്യം. കേന്ദ്ര നേതൃത്വത്തെ ഗോസായിമാരെന്നാണ് പലപ്പോഴും വിളിച്ചിരുന്നത്. കന്യാകുമാരി വിഭജനത്തിനുവേണ്ടിയുള്ള സമരം നേരിടാൻ ഒപ്പം നിന്ന് ചീമുട്ട ഏറുവാങ്ങിച്ച പി.എസ്.നടരാജപിള്ളയെപ്പോലും പിൽക്കാലത്ത് എതിർചേരിയിലെത്തിച്ചത് ഈ പ്രവൃത്തികളാണ്. ചെങ്കോട്ട ഗസ്റ്റ് ഹൗസിൽ വിരുന്നിനുപോയ നടരാജപിള്ള തമിഴ്നാട് കോൺഗ്രസുമായി ഗൂഢാലോചന നടത്തുകയാണെന്ന് ഉപജാപകവൃന്ദം ഏഷണി പറഞ്ഞപ്പോൾ അതു വിശ്വസിക്കാൻ പട്ടത്തിനു മടിയുണ്ടായിരുന്നില്ല.

കേരളം ഭരിച്ച സോഷ്യലിസ്റ്റ് പ്രസ്ഥാനം പിന്നീട് ജനതയും ജനതാദളുമൊക്കെയായി രൂപാന്തരപ്പെട്ടു. ഈ പരിണാമങ്ങളിലൊക്കെ പി.വിശ്വംഭരൻ പ്രസ്ഥാനത്തോടൊപ്പമുണ്ടായിരുന്നു. രണ്ടുതവണ എംഎൽഎയും ഒരുതവണ എംപിയുമായി. കേന്ദ്രമന്ത്രിസ്ഥാനംമുതൽ ഗവർണർ പദവി ഉൾപ്പെടെയുള്ള പ്രലോഭനങ്ങൾ വച്ചുനീട്ടിയപ്പോൾ അതിനു വഴങ്ങാതെ അധികാര രാഷ്ട്രീയത്തിൽ നിന്ന് അകലം സൂക്ഷിച്ചു മാറിനിന്നു. ആ യാത്ര ഇപ്പോഴും തുടരുന്നു...

സദ്ദാം അനുസ്മരണയോഗം ഒറ്റയ്ക്കു സംഘടിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന മലപ്പുറം പാണ്ടിക്കാടുള്ള നസീബ എന്ന പെൺകുട്ടി. യോഗത്തിനു മുന്നോടിയായി പതിക്കുന്ന പോസ്റ്ററുകളിൽ ടി. നസീബ ഉൾപ്പെടെ പ്രമുഖർ പ്രസംഗിക്കുന്നു എന്നാണുണ്ടാവുക. പ്രമുഖരൊക്കെ വരും. എങ്കിലും പ്രസംഗിക്കാറില്ല. കാരണം കയ്യടി കിട്ടുംതോറും നസീബ പ്രസംഗം നീട്ടിക്കൊണ്ടേയിരിക്കും.

തീപ്പൊരി

നസീബ പ്രസംഗവേദിയിൽ.

എ.എസ്. ഉല്ലാസ്

കേരളം തന്നെ ഇത്രമാത്രം സ്നേഹിച്ചിരുന്നെന്ന് മരിക്കും മുൻപ് സദ്ദാം ഹുസൈൻ അറിഞ്ഞിരുന്നെങ്കിൽ കേരളത്തെ അദ്ദേഹം സ്വർഗമാക്കിയേനെ. കാരണം മറ്റൊന്നുമല്ല, അദ്ദേഹത്തെ തൂക്കിലേറ്റിയ ദിവസം ലോകത്ത് ഹർത്താൽ ആചരിച്ച ഏക സ്ഥലം കേരളമാണ്. അതും സർവകക്ഷി ഹർത്താൽ. മലയാളിയുടെ സദ്ദാം സ്നേഹ ഗാഥകൾ ഇവിടെ അവസാനിക്കുന്നില്ല. മലപ്പുറത്ത് പാണ്ടിക്കാട് കൊടശേരിയിലെ ടി. നസീബ എന്ന ഒൻപതുകാരി വർഷാവർഷം ഒറ്റയ്ക്കു സദ്ദാം അനുസ്മരണയോഗവും പ്രസംഗവും നടത്തുന്നു.

ലോകത്തിനു സദ്ദാം ഹുസൈൻ കണ്ണിലെ ഓർമയാണ് - പ്രതാപത്തിന്റെ തീപാറുന്ന ആ മുഖം മാധ്യമങ്ങളിലൂടെ കണ്ടതിന്റെ ഓർമ. കോടതിമുറിയിൽ, കയ്യിൽ തൂങ്ങുന്ന ചങ്ങലകളെ മറന്ന്, നീട്ടിയ ചൂണ്ടുവിരലുമായി ഞാൻ ഇറാഖിന്റെ പ്രസിഡന്റ് സദ്ദാം ഹുസൈൻ എന്ന് ആക്രോശിക്കുന്ന കരുത്തനായ മനുഷ്യൻ. കഴുത്തുതേടി തൂക്കുകയർ വന്നപ്പോഴും പതറാത്ത ആ മുഖം നമ്മൾ കണ്ടതു മുറുകിയ നെഞ്ചിടിപ്പോടെയല്ലേ?

ഓർമയുടെ സുഷിരങ്ങളിലൂടെ നമ്മളറിയാതെ വിട്ടുപോകുന്ന ആ മുഖത്തിന്റെയും കാലത്തിന്റെയും അടുത്തേക്ക് നമ്മെ തിരികെ കൊണ്ടുപോകും നസീബ - മൂന്നു മണിക്കൂർ നീളുന്ന തന്റെ പ്രസംഗത്തിലൂടെ. സദ്ദാം പ്രതാപകാലത്തും ചങ്ങലയിൽ തളയ്ക്കപ്പെട്ടപ്പോഴും ശൂരത്വം വിടാതെ കൂർപ്പിച്ചുപറഞ്ഞ



വാക്കുകൾ വികാരം ചോരാതെ അതുപോലെ പറയും, നസീബ തന്റെ പ്രസംഗത്തിൽ.

കുർദുകളെ കൊലപ്പെടുത്തിയ സദ്ദാമിനെ പലേടത്തും തള്ളിപ്പറയുന്ന നസീബ പക്ഷേ, അമേരിക്കയും സഖ്യകക്ഷികളും സദ്ദാമിനോടു ചെയ്തതു കടുത്ത അനീതിയാണെന്ന് സംഭവങ്ങൾ അക്കമിട്ടു നിരത്തും. അങ്ങനെ മരണത്തിനു ശേഷവും സദ്ദാം വളരുകയാണ് നസീബയിലൂടെ.

സദ്ദാമിന്റെ രണ്ടാം ചരമവാർഷികത്തോടനുബന്ധിച്ച് ഇത്തവണ പാണ്ടിക്കാട് ടൗണിലായിരുന്നു യോഗം. നസീബയുടെ പിതാവ് ടി. മാനുവിന്റെ പേരിലാണ് മൈക്കിന് അനുമതി വാങ്ങിയത്. ഒരു ലോറി വാടകയ്ക്കെടുക്കും. അതിൽതന്നെ സ്റ്റേജ് ഉണ്ടാക്കും. രണ്ടു കസേര. ഒന്നു നസീബയ്ക്ക്. മറ്റൊന്ന് സ്ഥലത്തെ ജനപ്രതിനിധിക്കോ പൗരപ്രമുഖർക്കോ ഉള്ളതാണ്. രണ്ടു ദിവസം മുൻപുതന്നെ നോട്ടീസ് നാട്ടിലൊക്കെ പതിക്കും. ഇക്കുറി 2000 നോട്ടീസും പോസ്റ്ററും തയാറാക്കി. നസീബയെയും കൂട്ടുകാരെയും ഇതിനൊക്കെ നസീബയുടെ പിതാവ് സഹായിക്കും. യോഗത്തിന് ആകെ ചെലവ് രണ്ടായിരത്തോളം രൂപ. ഒരു രൂപ പോലും സംഭാവന വാങ്ങാറില്ല. ദിവസച്ചെലവിനു പോലും വലയുന്ന പെട്ടിഓട്ടോ ഡ്രൈവറായ ബാപ്പയുടെ പോക്കറ്റിൽനിന്നാണ് നസീബ ഈ ഫണ്ട് കണ്ടെത്തുന്നത്. ബാപ്പ അൽപ്പം കഷ്ടപ്പെട്ടാലും കുഴപ്പമില്ല, രണ്ടു വാക്ക് ജനത്തോടു പറഞ്ഞിട്ടുതന്നെ കാര്യം എന്നഭാവം നസീബയ്ക്ക്.

പത്രങ്ങളായ പത്രങ്ങളൊക്കെ വായിച്ച് സദ്ദാമിനെക്കുറിച്ചു വിവരം ശേഖരിച്ചുവച്ചിട്ടുണ്ട്. അറബിനാട്ടിലൊക്കെ പത്രങ്ങളിൽ വന്ന സദ്ദാം വാർത്തകളും ഇന്റർവ്യൂകളും ബന്ധുക്കൾ തരപ്പെടുത്തി അയച്ചുകൊടുത്തു. അറബിക് അധ്യാപകന്റെ സഹായത്തോടെ അതും പഠിച്ചുവച്ചിട്ടുണ്ട്.

സദ്ദാമിനെക്കുറിച്ച് സഹതാപം ഉണ്ടാക്കുന്ന ഭാഗങ്ങളൊന്നും തന്റെ പ്രസംഗത്തിൽ നസീബ അങ്ങനെ വരുത്താറില്ല. കാരണം, അദ്ദേഹം വീരനായിരുന്നുവെന്ന് നസീബ. അദ്ദേഹത്തിനു സഹതാപം വേണ്ട.

നസീബയുടെ മാസ്റ്റർ പീസ്, അന്നത്തെ അമേരിക്കൻ പ്രതിരോധ സെക്രട്ടറി റംസ്ഫെൽഡ് തടവറയിലെത്തി സദ്ദാമിനെക്കണ്ടു സംസാരിച്ച രംഗങ്ങളാണ്. പ്രസിഡന്റ് ബുഷിന്റെയുംമറ്റും അംഗീകാരത്തോടെ റംസ്ഫെൽഡ് ഒത്തുതീർപ്പു ചർച്ചയ്ക്ക് എത്തിയ രംഗങ്ങളാണ് നസീബ വള്ളിപുള്ളി വിടാതെ അവതരിപ്പിക്കുന്നത്. ആ സംഭാഷണം അറബ് ന്യൂസ് മാഗസിനിൽ പ്രസിദ്ധീകരിച്ചിരുന്നു. നസീബ അവിടെനിന്നെടുത്തതാണ്.

സദ്ദാമിനും കുടുംബത്തിനും ഇനിയുള്ള കാലം സുഖസൗകര്യത്തോടെ ലോകത്ത് ഏതു രാജ്യത്തും ജീവിക്കാൻ അനുമതി നൽകും. പക്ഷേ, ഇറാഖ് ടെലിവിഷനിൽ പ്രത്യക്ഷപ്പെട്ട് രാജ്യത്തെ ഒളിപ്പോരാളികളുടെ പോരാട്ടത്തെ അപലപിക്കണം, കീഴടങ്ങാൻ ആവശ്യപ്പെടണം - ഇതായിരുന്നു റംസ്ഫെൽഡിന്റെ നിർദേശം. ഇതു നിരാകരിച്ച സദ്ദാം റംസ്ഫെൽഡിനോടു പറയുന്ന വാക്കുകൾക്കു വൻ കയ്യടിയാണെന്നു നസീബ പറയുന്നു.

നിങ്ങൾക്കു പുതിയൊരു ഒറ്റുകാരനെയാണു വേണ്ടത്. നിങ്ങൾക്ക് ഇറാഖ് പ്രസിഡന്റ് സദ്ദാം ഹുസൈനോട് ഇതു പറയാൻ എവിടെനിന്നു ധൈര്യം കിട്ടി? ഞാൻ കാരാഗൃഹത്തിലായിരിക്കാം. പക്ഷേ, പുറത്തുള്ള പോരാളികൾ രാജ്യത്തെ മോചിപ്പിക്കും. നിങ്ങൾക്ക് ഇറാഖിന്റെ തെരുവിൽ ആത്മഹത്യ ചെയ്യേണ്ടി വരും, ഉറപ്പ്. സദ്ദാം ഇതൊക്കെ പറഞ്ഞിട്ടുണ്ടോ എന്നറിയില്ലെങ്കിലും സദ്ദാമിന്റെ ഉശിരുള്ള വാക്കുകളായി നസീബ കത്തിക്കയറും.

പ്രസംഗത്തിനു സ്കൂളിൽ സമ്മാനം വാങ്ങിയിട്ടുണ്ടെങ്കിലും അവിടെ സദ്ദാമിനെക്കുറിച്ചൊന്നും പറയില്ല. സ്കൂൾ കുട്ടികൾക്കൊന്നും അത്രയ്ക്കു വിവരമായിട്ടില്ല. അതാണത്രേ നസീബ നാട്ടിൽ യോഗം വിളിച്ചു ചേർക്കുന്നത്.

യോഗത്തിനു മുന്നോടിയായി ജില്ലയിൽ പലഭാഗത്തും പതിക്കുന്ന പോസ്റ്ററുകളിലും ടി. നസീബ ഉൾപ്പെടെ പ്രമുഖർ പ്രസംഗിക്കുന്നു എന്നാണ്. പ്രമുഖരൊക്കെ വരും. എങ്കിലും പ്രസംഗിക്കാറില്ല. കയ്യടി കിട്ടുംതോറും നസീബ പ്രസംഗം നീട്ടിക്കൊണ്ടേയിരിക്കുമെന്ന് പാണ്ടിക്കാട്ടെ കാണികൾ ഓർക്കുന്നു.

നസീബയുടെ ഉമ്മ ഫാത്തിമയ്ക്കും മൂന്നു സഹോദരർക്കും മുന്നിലാണു റിഹേഴ്സൽ. അടുത്തവർഷം സദ്ദാമിന്റെ ചരമവാർഷികത്തിനു മറ്റൊരിടത്തു വേദിയൊരുക്കാനും പ്രസംഗത്തിനുമുള്ള തയാറെടുപ്പിലാണു നസീബ. അതിനായി കൂടുതൽ വിവരങ്ങൾ ശേഖരിക്കാനുള്ള ശ്രമം.

ഇങ്ങനെയും ഒരു ആരാധനയുണ്ടോ എന്നുചോദിച്ചാൽ ഉടൻ വരും മറുപടി:

സദ്ദാമിനെ അവർക്കു തകർക്കാൻ കഴിയും, പക്ഷേ തോൽപ്പിക്കാൻ കഴിയില്ല.

അതു തെളിയിക്കുകയാണു നസീബയും അവളുടെ പ്രസംഗവും.

നസീബ